- ജൂൺ 5 പരിസ്ഥിതി ദിനം
-
-
- ജൂൺ 5 പരിസ്ഥിതി ദിനാഘോഷം ജി യു പി എസ് എലപ്പുള്ളിയിൽ വളരെ വിപുലമായ രീതിയിൽ തന്നെ ആഘോഷിക്കപ്പെട്ടു




. സയൻസ് വിഷയത്തിന്റ എസ് ആർ ജി അംഗങ്ങൾ

കുട്ടികൾക്കായി പരിസ്ഥിതി ദിന ക്വിസ് മത്സരം നടത്തുകയും, പരിസ്ഥിതി ദിന പോസ്റ്റർ നിർമാണം നടത്തുകയും ചെയ്തു



. അതെല്ലാം അവർ ജൂൺ 5 വ്യാഴാഴ്ച രാവിലെ ഹാജരാക്കുകയും ചെയ്തു.അവർ

തയ്യാറാക്കി കൊണ്ടുവന്ന
പോസ്റ്ററുകളുടെ പ്രദർശനം
സംഘടിപ്പിച്ചു.അസംബ്ലിയിൽ
അവരുടെ പോസ്റ്റുകൾ സ്വയം
ഓരോ കുട്ടികളും
ഉയർത്തിപ്പിടിച്ച് പരസ്പരം
സന്ദേശം കൈമാറി.



- *പരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ടുകൊണ്ട് പവർഗ്രിഡിൽ നിന്നും ഉദ്യോഗസ്ഥന്മാർ സൗജന്യമായി12 ഓളം മരത്തൈകളുമായി വിദ്യാലയത്തിൽ എത്തുകയും അത് യഥാസമയം കുഴികൾ തയ്യാറാക്കി അതിൽ മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു*





.ഈ മരത്തൈകൾ നടുന്നതിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി: രേവതി ബാബു അവർകൾ നിർവഹിച്ചു.



പവർ ഗ്രിഡിലെ ഉദ്യോഗസ്ഥന്മാരും വിവിധതരം മരത്തൈകൾ സ്കൂളിന്റെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു.





.കൂടാതെ 11/6/25 ബുധനാഴ്ച്ച ഓൾ കേരള ഫോട്ടോഗ്രാഫിക്ക് അസോസിയേഷന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫിക്ക്പ്രദർശനം,സെമിനാർ തുടങ്ങിയവ സംഘടിപ്പിച്ചു..ഫോട്ടോഗ്രാഫിക്

അസോസിയേഷൻ മെമ്പേഴ്സ് മരത്തെ കൊണ്ടുവരികയും നടുകയും ചെയ്തു.



പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട ക്ലാസ്സ് തലത്തിൽ നടത്തിയ ക്വിസ് മത്സര വിജയികൾക്ക്ശ്രീ:HM ബാലകുമാർ സാറിന്റെ നേതൃത്വത്തിൽ സമ്മാനവിതരണം



നടത്തി.
മൃഗസംരക്ഷണ വകുപ്പ് (NGA
സെക്രട്ടറി) ശ്രീ: നാരായണ സ്വാമി
അവർകൾ പ്രകൃതി
സംരക്ഷണവുമായി ബന്ധപ്പെട്ട്
പ്രകൃതിയെ കുറിച്ച്

കുട്ടികൾക്കായി ഒരു സെമിനാർ



സംഘടിപ്പിച്ചു.
സ്കൂൾ പരിസരത്ത്
നട്ടുപിടിപ്പിച്ച തൈകളുടെ
സംരക്ഷണ ചുമതല
അദ്ധ്യാപകരുടെ നേതൃത്വത്തിൽ
കുട്ടികൾക്ക് പകുത്തു
നൽകി.പഞ്ചായത്തിൽ നിന്നും

ചെടികളുടെ സംരക്ഷണാർത്ഥം നൽകിയ കമ്പിവേലി സ്ഥാപിച്ച് ചെടികളുടെ സംരക്ഷണം ഉറപ്പ് വരുത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടികളിലൂടെ പരിസ്ഥിതിക്ക് നമ്മുടെ ജീവിതത്തിൽ ഉള്ള പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനും പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കാനും പിൻ തലമുറക്കാർ നമുക്കായി കാത്തുവച്ച ഈ നല്ല പരിസ്ഥിതി അതുപോലെതന്നെ മികച്ച രീതിയിൽ വരും തലമുറയ്ക്കായി

*കാത്തുവക്കേണ്ടതിന്റെ ആവശ്യകതയും കുട്ടികൾക്ക് മനസിലാക്കികൊടുക്കുവാൻ സാധിച്ചു*

- 
- *—-------ശുഭം—-------*